വനിതാശിശു വികസന ഡയറക്ടറേറ്റ്,
പൂജപ്പുര, തിരുവനന്തപുരം
തീയതി :23/03/2022
Email - swdkerala@gmail.com
Phone - 0471 - 2346534

വനിതാശിശു വികസന ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

വിഷയം:- വനിതാശിശു വികസന വകുപ്പ് - അങ്കണവാടി പരിശീലന പദ്ധതി -വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം ട്രെയിനിംഗ് നടത്തുന്നത്- കെട്ടിട ലഭ്യത സംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാക്കാൻ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

സൂചന :- ഈ കാര്യാലയത്തിലെ 12.11.2021, 27.12.2021, 07.01.2022 എന്നീ തീയതികളിലെ മേൽ നമ്പർ കത്തുകൾ

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു . ICDS ട്രെയിനിംഗ് സംഘടിപ്പിയ്ക്കുന്നതിന് NGO കളെ കേന്ദ്രസർക്കാർ അനുവദിയ്ക്കാത്ത സാഹചര്യത്തിൽ വകുപ്പിന്റെ ജില്ലാതല ഓഫീസർമാർ മുഖാന്തിരം ട്രെയിനിംഗ് നടത്തുന്നതിന് സംസ്ഥാന സർക്കാർ അനുമതി ലഭ്യമാകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് നടത്തുന്നതിന് അനുയോജ്യമായ കെട്ടിടം കണ്ടെത്തുന്നതിന് എല്ലാ പ്രോഗ്രാം ഓഫീസർമാരേയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ നിർദ്ദേശിക്കപ്പെട്ട വാടകയായ 10,000/- രൂപയ്ക്ക് ട്രെയിനിംഗിന് അനുയോജ്യമായ കെട്ടിടങ്ങൾ ലഭ്യമല്ലായെന്ന് ഭൂരിഭാഗം പ്രോഗ്രാം ഓഫീസർമാരും റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് സൂപ്പർവൈസർമാർ, അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് ട്രെയിനിംഗ് സംഘടിപ്പിയ്ക്കുന്നതിന് ഹാൾ വാടക, താമസം, എന്നിവ ഉൾപ്പെടെ ഒരു മാസം എത്ര രൂപയ്ക്ക് താങ്കളുടെ ജില്ലയിൽ കെട്ടിടം ലഭ്യമാകും എന്ന വിവരം ഉൾപ്പെടുത്തിയ വിശദമായ പ്രൊപ്പോസൽ ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**വനിതാശിശു വികസന ഡയറക്ടർക്കു വേണ്ടി**